പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.456. 07.01.2014 ൽ മറുപടിയ്ക്ക്.

അനധികൃതമായി 'കേരള സർക്കാർ 'ബോർഡു വച്ച വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. പി.റ്റി.എ. റഹീം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) അനധികൃതമായി 'കേരള സർക്കാർ' ബോർഡു വച്ച വാഹനങ്ങൾ ഓടുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഏതെല്ലാം വാഹനങ്ങൾക്കാണ് 'കേരള സർക്കാർ' ബോർഡ് സ്ഥാപിക്കാൻ അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാന മന്ത്രിമാരും, തത്തുല്യ പദവി വഹിക്കുന്നവർക്കും മാത്രമേ കേരള സ്റ്റേറ്റ് ബോർഡ് ഉപയോഗിക്കുവാൻ അർഹതയുള്ളു. |
| (സി) അനധികൃത ബോർഡുകൾ വച്ച് ഓടുന്ന എത്ര വാഹനങ്ങൾക്കെതിരെ 2013 ജനവരി 1 മുതൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പിഴയായി എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (സി) | 2013 ജനവരി 01 മുതൽ 160 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 9500/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ നിന്ന് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ.